II ഇ.ബി. XV- കേരള നിയമസഭ/XIII-2

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 ഫെബ്രുവരി 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

6(*31) <u>വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട്, തുറമുഖ പ്രവർത്തനത്തിൽനിന്നും സംസ്ഥാന സർക്കാരിന് 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ നിബന്ധനകൾക്കുവിധേയമായി 60 വർഷത്തെ കൺസഷൻ കാലയളവിലുടനീളം കേന്ദ്ര സർക്കാരിന് തിരിച്ചടവായി നൽകണമെന്നും അതിനായി Department of Economic Affairs (DEA)-ഉം

സംസ്ഥാന സർക്കാരും തമ്മിൽ Premium Sharing Agreement-ൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. VGF-ന്റെ തിരിച്ചടവ് നിബന്ധന ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ DEA, പ്രധാനമന്ത്രി, കേന്ദ്ര ധനകാര്യമന്ത്രി എന്നിവർക്ക് കത്ത് നൽകുകയും Empowered Committee യോഗങ്ങളിൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായം ലഭ്യമാകാത്ത സാഹചര്യത്തിൽ നബാർഡ് സഹായത്തോടെ VGF നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ഇതുവരെ 163 ഷിപ്പുകൾ വന്നുപോയിട്ടുണ്ടെന്നും 320591 TEU കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നും നിർമ്മാണ കമ്പനികൾക്ക് നാളിതുവരെ 2159 കോടി രൂപ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിതശേഷിയുടെ 94 ശതമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും തുടർവികസനത്തിനായി റെയിൽ, റോഡ് കണക്ടിവിറ്റിക്കാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണെന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ നിർമ്മാണം കേന്ദ്ര പരിസ്ഥിതി ധനമന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുമെന്നും 2028-ൽ പദ്ധതി പൂർത്തീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു.

7 (*32) കേരള ബാങ്കിൽ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള ബാങ്കിനെ സംസ്ഥാനത്തെ ബാങ്കിംഗ് രംഗത്ത് ഒന്നാം സ്ഥാനത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന തലത്തിൽ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടെന്നും 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ നീണ്ടുനിന്ന ക്യാമ്പയിനിലൂടെ ബാങ്കിന്റെ ബിസിനസ് വളർച്ചയിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 14 ബാങ്കുകളിലെ കോർ ബാങ്കിങ് സംവിധാനങ്ങൾ എകീകരിക്കുകയും KB Prime, KB Prime Plus എന്നീ മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷനുകൾ പ്രവർത്തനക്ഷമമാക്കുകയും ഗ്രാമീണ മേഖലയ്ക്കായി പ്രത്യേക ക്യാമ്പയിനുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് കേരള ബാങ്കിന്റെ 120 ATM മെഷീനുകൾ പ്രവർത്തിക്കുന്നുണ്ട്. യുവജനങ്ങളെ സഹകരണ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി കറന്റ്/സേവിങ്സ് അക്കൗണ്ടുകൾക്ക് മിനിമം ബാലൻസ്/ത്രൈമാസ ശരാശരി ബാലൻസ് നിബന്ധനകൾ ഒഴിവാക്കുകയും 6% പലിശ നിരക്കിൽ കാർഷിക വായ്പ

ലഭ്യമാക്കി കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണത്തെത്തുടർന്ന് വായ്പാ പദ്ധതികൾ ഏകീകരിക്കുകയും 50-ലധികം പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയും ചെയ്യുന്നുണ്ട്. KB കിസ്സാൻ മിത്ര, KB-FPO, KB-മൈക്രോ ഫുഡ് പ്രോസസ്സിങ് എന്നീ വായ്പാ പദ്ധതികൾക്കുപുറമെ സ്ത്രീകൾക്ക് തൊഴിലവസരം ഉറപ്പാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി 5 ലക്ഷം രൂപ വരെയുള്ള സംരംഭക വായ്പകളും (KB സുവിധ പ്ലസ്, KB സുവിധ), 2 ലക്ഷം രൂപ വരെ ഷീ ടൂ വീലർ വായ്പ, KB Vanitha Plus Loan, KB സഹജ പദ്ധതിയിലൂടെ 20 ലക്ഷം രൂപ വരെ SHG വായ്പ, കേരള ഫിഷറീസ് വകുപ്പുമായി സഹകരിച്ച് KB SAF എന്നീ വായ്പാ പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. പുതുതലമുറ ബാങ്കുകളോടൊപ്പം മത്സരിക്കാൻ കഴിയുന്ന ആധുനിക സംവിധാനങ്ങൾ കേരള ബാങ്കിൽ നടപ്പാക്കിയിട്ടുണ്ടെന്നും ഇതിനോടകം 50,200 കോടി രൂപ വായ്പയായി നൽകാൻ സാധിച്ചിട്ടുണ്ടെന്നും കേരള ബാങ്കിൽ ലോ കോസ്റ്റ് നിക്ഷേപങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ നിക്ഷേപങ്ങളും സ്വീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും 3 സെന്റിൽ താഴെയുള്ള

വീടുകൾ ജപ്തി ചെയ്യുന്നതിനുമുമ്പ് പുനരധിവാസ സൗകര്യം കണ്ടെത്തണമെന്ന് നിർദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ജാമ്യമായി നൽകിയ വീടിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കാൻ പാടില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും അത് കർശനമായി പാലിക്കാൻ സഹകരണ സ്ഥാപനങ്ങൾ തയ്യാറാകണമെന്ന് നിർദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

8(*33) <u>വൈദ്യുതോല്പാദന രംഗത്ത് നടപ്പാക്കിയ പരിഷ്കരണങ്ങൾ</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾവഴി സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോല്പാദനത്തിൽ 1360.75 മെഗാവാട്ടിന്റെ വർധനയുണ്ടായിട്ടുണ്ടെന്നും 2030-ഓടുകൂടി 10000 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. 2021 മുതൽ 2024 വരെ 148.55 മെഗാവാട്ട് ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 127.536 മെഗാവാട്ട് ശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നതും 92 MW സ്ഥാപിതശേഷിയുള്ള

13 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലുമാണ്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജലവൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്ത് ആഭ്യന്തര ഉൽപാദനശേഷി വർധിപ്പിക്കുന്നതിന് ജലവൈദ്യുത പദ്ധതികൾ, സോളാർ, കാറ്റാടിപ്പാടങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ ആരായുന്നതിനുപുറമെ ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്. നവീകരിച്ച ചെറുകിട ജലവൈദ്യുത നയത്തിന്റെ കരട് സർക്കാർ പരിഗണിക്കുന്നതോടൊപ്പം സ്വകാര്യ-സഹകരണ മേഖലകളെ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള നയരൂപീകരണത്തിന്റെ ഭാഗമായി മഞ്ഞപ്പാറ, മുതിരപ്പുഴ എന്നീ സ്ഥലങ്ങളിൽ ടി പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ഉൽപാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി അനെർട്ട് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.

ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാനും സ്റ്റോറേജ് സംവിധാനം ഉറപ്പുവരുത്തി വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനും പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. വരുംവർഷങ്ങളിൽ 1500MW വൈദ്യുതി വൻകിട ജലവൈദ്യുത പദ്ധതികളിൽനിന്നും കണ്ടെത്താനാണുദ്ദേശിക്കുന്നത്. വൈദ്യുതിയുടെ രാത്രികാലങ്ങളിലുള്ള അമിത ഉപയോഗം കണക്കിലെടുത്ത് 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000MW/5000MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. പ്രധാന മന്ത്രി മുഫ്ത് ബിജ്‌ലി യോജന, പി.എം. കുസും എന്നീ പദ്ധതികൾ MNRE-യുടെ സഹകരണത്തോടെ നടപ്പാക്കിവരുന്നുണ്ടെന്നും പി.എം. സൂര്യ ഘർ പദ്ധതി 31-01-2025 വരെ 248 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും 31-12-2025-ൽ അവസാനിക്കുന്ന പി.എം. കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഒരു ലക്ഷം കാർഷിക പമ്പുകൾ സൗരോർജവൽക്കരിക്കുന്നതിലൂടെ 570 MU

അധിക ഊർജം ഉൽപാദിപ്പിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു. വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജക്റ്റ് വഴി 50 MW കൂടി 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഗാർഹിക/ ഗാർഹികേതര മേഖലയിൽ സബ്സിഡിരഹിത സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനും രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി എന്നിവിടങ്ങളിൽ 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ നടപ്പാക്കുന്നതിനും കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികളിലെ സാങ്കേതിക അപാകതകൾമൂലം ദീർഘകാല വൈദ്യുതി കരാർ റദ്ദാക്കിയതിനെതിരെ അപ്പീൽ നൽകിയിട്ടുണ്ടെന്നും കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. ദീർഘകാല കരാറിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതിരുന്നതുകൊണ്ടാണ് കരാർ റദ്ദാക്കപ്പെട്ടതെന്നും അതിനെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

9(*34) <u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിക്ഷേപം</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സെബിയുടെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് BSE-യിൽ ലിസ്റ്റ് ചെയ്തിരുന്നതും RBI/SEBI അംഗീകൃത റേറ്റിങ് ഏജൻസികളുടെ AAA+ റേറ്റിങ് ഉണ്ടായിരുന്നതിനാലുമാണ് RCFL-ൽ നിക്ഷേപം നടത്താൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തയ്യാറായതെന്ന് സഭയെ അറിയിച്ചു. കെ.എഫ്.സി.-യിൽ എൻ.പി.എ. പരമാവധി കുറച്ചുകൊണ്ടുവരാനും ലാഭം 74.04 കോടി രൂപയായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ 10 കോടി രൂപ വരെ വായ്പ അനുവദിച്ചുവരുന്നുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എഫ്.സി.-യുടെ മൂലധനത്തിൽ 300 കോടി രൂപയുടെ അധിക വർധന വരുത്തിയിട്ടുണ്ടെന്നും 10,000 കോടി രൂപ വായ്പ നൽകാൻ സാധിക്കുന്ന പ്രവർത്തനങ്ങളുമായാണ് കെ.എഫ്.സി. മുന്നോട്ടുപോകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10(*35) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ബഹു. ആരോഗ്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ധനകാര്യ പരിശോധനാ വിഭാഗം KMSCL-ൽ പരിശോധന നടത്തിയതെന്നും പരിശോധനാവേളയിൽ നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് കെ.എം.എസ്.സി.എൽ അധികൃതർ ലഭ്യമാക്കിയ മറുപടികളും അന്വേഷണ സംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരികയാണെന്നും സഭയെ അറിയിച്ചു. കോവിഡ് പ്രതിസന്ധിഘട്ടത്തിൽ ആരോഗ്യ പ്രവർത്തകരുടെയും രോഗികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായിരുന്നു മുൻഗണന നൽകിയതെന്നും അതിനാവശ്യമായ സുരക്ഷാ ഉപകരണങ്ങളാണ് കെ.എം.എസ്.സി.എൽ മുഖേന വാങ്ങിയതെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.